| 63 | പുണ്യാഹം | ഗൃഹങ്ങളിൽ ഉണ്ടാകുന്ന പുല, വാലായ്മ തുങ്ങിയ അശുദ്ധികൾ നീക്കാനും ക്ഷേത്രം, കുളം തുടങ്ങിയവ അശുദ്ധമായാൽ ശുദ്ധമാക്കാനും | നട തുറന്നിരിക്കുന്ന സമയം ശാന്തി | പാത്രത്തിൽ ശുദ്ധ ജലം നിറച്ച് നെല്ലും അരിയും ചേർത്ത് (അക്ഷതം) തുളസി പൂവ് ചന്ദനം എന്നിവ ഇട്ട് പുണ്യാഹമന്ത്രം ജപിച്ച് പുണ്യാഹം തയ്യാറാക്കി ദർഭ തുമ്പ് കൊണ്ട് തളിക്കുന്നു. | പുണ്യാഹം | | | 10 | 10 | ജലം, നെല്ല്, അരി, ദർഭ, തുളസി പൂവ്, ചന്ദനം | | | 10 | 10 | |

| I | II | III | IV | V | VI | | VII | | | VIII | | IX | | X | XI |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 64 | **ലക്ഷ്മി നാരായണ പൂജ** | ലക്ഷ്മി ദേവി വിഷ്ണുദേവൻ എന്നിവരെ ഒന്നായി സങ്കൽപ്പിച്ച് നിവേദ്യം സഹിതം നടത്തുന്ന പൂജ ഐശ്വര്യം ഗ്രഹപ്പിഴ നിവാരണം | ദീപാരാധനയ്ക്കു ശേഷം ശാന്തി | പത്മമിട്ട് പീഠം വിരിച്ച് ദേവി സാന്നിദ്ധ്യം വരുത്തി നിവേദ്യം സഹിതം പൂജ നടത്തുന്നു. | പാൽപായസം<br>വെള്ള<br>ഇല പ്രസാദം | ½ ലിറ്റർ<br>¼ ലിറ്റർ | 150 | 150 | 300 | ശുദ്ധ ജലം, പാൽ, പഞ്ചസാര, അരി, ഏലക്കായ്, വിറക്/പാചക വാതകം, ഹാരം, പൂവ്, നല്ലെണ്ണ, കുങ്കുമം, കർപ്പൂരം, സാമ്പ്രാണി, വെറ്റില, പാക്ക്, അവൽ, മലർ, ദർഭ, തിരി, അരിപ്പൊടി, മഞ്ഞൾപ്പൊടി, ഇല, അഷ്ടഗന്ധം. | | 200 | 200 | 400 | [illegible] |
| 65 | **ശാസ്താ പൂജ** | ശാസ്താവിന് നിവേദ്യം സഹിതം നടത്തുന്ന പൂജ ശനിദോഷ നിവാരണം | ഉഷ പൂജയ്ക്കു ശേഷം ഉച്ച പൂജ വരെയും അത്താഴ പൂജയ്ക്കും | ദേവന്റെ മൂല മന്ത്രവും ധ്യാനവും ജപിച്ച് പുഷ്പാർച്ചന നടത്തി നിവേദ്യം അർപ്പിച്ചു പൂജ നടത്തുന്നു. | അരവണ<br>അപ്പം<br>ഇല പ്രസാദം | ¼ ലിറ്റർ<br>¼ ലിറ്റർ | 66 | 64 | 130 | അരി, ശർക്കര, നെയ്യ്, ഏലയ്ക്കായ്, ജീരക പ്പൊടി, ചുക്കുപൊടി, മുന്തിരി, കൽക്കണ്ടം, അരിപ്പൊടി, വെളിച്ചെണ്ണ, പഴം, അക്ഷതം, പുഷ്പം, ചന്ദനം, വിറക്/പാചകവാതകം | | 85 | 85 | 170 | |
| 66 | **വിഷ്ണു പൂജ** | ദേവന് നിവേദ്യം സഹിതം നടത്തുന്ന പൂജ ഉദ്ദിഷ്ട കാര്യസിദ്ധി ഗ്രഹപ്പിഴ നിവാരണം | ഉഷ പൂജയ്ക്കു ശേഷം ഉച്ചപൂജ വരെ ശാന്തി | ദേവന്റെ മൂല മന്ത്രവും ധ്യാനവും ജപിച്ച് പുഷ്പാർച്ചന നടത്തി നിവേദ്യം അർപ്പിച്ചു പൂജ നടത്തുന്നു | പാൽ പായസം<br>വെള്ള<br>ഇല പ്രസാദം | ½ ലിറ്റർ<br>¼ ലിറ്റർ | 60 | 65 | 125 | ഉണക്കലരി, നെയ്യ്, പാൽ, പഞ്ചസാര, ഏലയ്ക്കായ്, അക്ഷതം, പുഷ്പം, ചന്ദനം, വിറക്/പാചകവാതകം | | 85 | 85 | 170 | |

| I | II | III | IV | V | VI | | VII | | | VIII | | | IX | X | XI |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 67 | ശിവ പൂജ | ദേവന് നിവേദ്യം സഹിതം നടത്തുന്ന പൂജ ഉദ്ദിഷ്ട കാര്യസിദ്ധി ഗ്രഹപ്പിഴ നിവാരണം | ഉഷ പൂജയ്ക്കു ശേഷം ഉച്ചപൂജ വരെശാന്തി | ദേവന്റെ മൂല മന്ത്രവും ധ്യാനവും ജപിച്ച് പുഷ്പാർച്ചന നടത്തി നിവേദ്യം അർപ്പിച്ചു പൂജ നടത്തുന്നു | കടും പായസം<br>വെള്ള<br>ഇല പ്രസാദം | ½ ലിറ്റർ<br>¼ ലിറ്റർ | 60 | 75 | 135 | ഉണക്കലരി, ശർക്കര, നെയ്യ്, ഏലയ്ക്കായ്, ചുക്കുപൊടി, ജീരക പൊടി, നാളീകേരം, അക്ഷതം, പുഷ്പം, ചന്ദനം, ഭസ്മം, വിറക്/ പാചകവാതകം | | 85 | 85 | 170 | |
| 68 | ലക്ഷ്മി പൂജ | ലക്ഷ്മി ദേവിക്ക് നിവേദ്യം സഹിതം പൂജ നടത്തുന്നു ഐശ്വര്യ സമൃദ്ധി | ഉഷ പൂജയ്ക്കു ശേഷം ഉച്ചപൂജ വരെശാന്തി | ദേവിയുടെ മൂല മന്ത്രവും ധ്യാനവും ജപിച്ച് പുഷ്പാർച്ചന നടത്തി നിവേദ്യം അർപ്പിച്ചു പൂജ നടത്തുന്നു | പാൽപാ യസം<br>വെള്ള<br>ഇല പ്രസാദം | ½ ലിറ്റർ<br>¼ ലിറ്റർ | 60 | 65 | 125 | ഉണക്കലരി, നെയ്യ്, പാൽ, പഞ്ചസാരം, ഏലയ്ക്കായ്, അക്ഷതം, പുഷ്പം, ചന്ദനം, വിറക്/ പാചകവാതകം | | 85 | 85 | 170 | |
| 69 | സരസ്വതി പൂജ | സരസ്വതി ദേവിക്ക് നിവേദ്യം സഹിതം പൂജ നടത്തുന്നു. വിദ്യാപുരോഗതി ഐശ്വര്യ സമൃദ്ധി | ഉഷ പൂജയ്ക്കു ശേഷം ഉച്ചപൂജ വരെശാന്തി | ദേവിയുടെ മൂല മന്ത്രവും ധ്യാനവും ജപിച്ച് പുഷ്പാർച്ചന നടത്തി നിവേദ്യം അർപ്പിച്ചു പൂജ നടത്തുന്നു | കടുംപാ യസം<br>വെള്ള<br>ഇല പ്രസാദം | ½ ലിറ്റർ<br>¼ ലിറ്റർ | 60 | 75 | 135 | ഉണക്കലരി, നെയ്യ്, പാൽ, പഞ്ചസാരം, ഏലയ്ക്കായ്, അക്ഷതം, പുഷ്പം, ചന്ദനം, വിറക്/പാചകവാതകം | | 85 | 85 | 170 | |
| | | | | | | | | | | | | | | | |

| I | II | III | IV | V | VI | | VII | | | VIII | | | IX | X | XI |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 70 | പ്രാതൽ | ഉദരസംബന്ധമായ രോഗശാന്തിക്കും ഉദ്ദിഷ്ടകാര്യസിദ്ധിക്കുമായി അന്നദാന പ്രഭുവായ വൈക്കത്തപ്പന് നടത്തുന്ന നേർച്ച വഴിപാട് | ഉച്ച ശ്രീബലിക്കു ശേഷം മേൽശാന്തി | വഴിപാട് തീയതിയുടെ തലേദിവസം വൈകിട്ട് ദീപാരാധനയ്ക്കു ശേഷം കലവറ മുറിയിൽ നിലവിളക്ക് കൊളുത്തിവച്ച് മുടസമർപ്പിക്കൽ തിരുമേനിയുടെയും ദേവസ്വം ചുമതലക്കാരന്റെയും സാന്നിധ്യത്തിൽ വഴിപാടുകാരൻ ഉദ്ദേശിക്കുന്ന പറയുടെ വഴിപാടിലേയ്ക്കായി ഒരു നിറപറ അരി നിറച്ച് ദേവസ്വം അധികൃതരെ ഏല്പിക്കുകയും വഴിപാട് ദിവസം വെളുപ്പിന് തലേദിവസം അളന്ന അരി ഉൾപ്പെടെ ഉദ്ദേശിക്കുന്ന പറയ്ക്കുള്ള അരിയും പ്രാതലിനുള്ള മറ്റ് വിഭവങ്ങളും മൂസ്സ് തിരുമേനിയെ ഏല്പിക്കുകയും കറിക്കുള്ള പച്ചക്കറികൾ ഇതിലേയ്ക്ക് അവകാശം സിദ്ധിച്ചിട്ടുള്ള ഈ വിടൻമാർക്ക് മൂസ്സ് തിരുമേനി നൽകുകയും അവർ ആയത് അരിഞ്ഞൊരുക്കി കറികൾക്കായി തിരികെ മൂസ്സ് തിരുമേനിയെ ഏല്പിക്കുകയും അദ്ദേഹം സഹായികളുമായി ചേർന്ന് പ്രാതൽ തയ്യാറാക്കി ഉച്ച ശ്രീബലിക്കു ശേഷം നടയടയ്ക്കുന്നതിന് മുമ്പായി നാലമ്പലത്തിനകത്ത് ശ്രീകോവിലിന് വടക്കുവശത്തുള്ള മാന്യസ്ഥാനത്ത് തൂശനിലയിൽ വൈക്കത്തപ്പനെ സങ്കല്പിച്ച് വിളമ്പുകയും തുടർന്ന് മേൽശാന്തി മുതൽ പേർക്ക് സദ്യ വിളമ്പിയ ശേഷം ബാക്കി സാധനങ്ങൾ ഊട്ടുപുരയിലേക്ക് എടുത്ത് വഴിപാടുകാർക്കും മറ്റ് ഭക്തർക്കുമായി വിളമ്പുകയും ചെയ്യുന്നു. | സദ്യ | ഭക്തർ നേരുന്ന അരിക്കുള്ളത് | 2650 | 850 | 3500 (ഒരുപറ അരിക്ക്) | സാമ്പാർ, കാളൻ, മോര്, അവിയൽ, കിച്ചടി, പച്ചടി, ഓലൻ, തോരൻ, ഉപ്പിലിട്ടത്, ഉപ്പേരി, ശർക്കരപുരട്ടി, പർപ്പടം, പഴപ്രഥമൻ, തുടങ്ങിയ ഐറ്റങ്ങൾക്കുള്ള പലവ്യഞ്ജനം, പച്ചകറി, അരി, വിറക്/ പാചകവാതകം. | | 4000 | 1000 | 5000 | കൂടുതൽ അളവ് വഴിപാട് നടക്കുമ്പോൾ സേവിംഗ്സ് ഉണ്ടാകും എന്നതിനാൽ ആദ്യത്തെ 3 പറയ്ക്കു 850 രൂപ ക്രമവും 4 മുതൽ 8 വരെയുള്ള പറകൾക്ക് 8 മുതൽ കൂട്ടിനു പുറമേ സപ്ലൈയർ തുകയുടെ 10 ശതമാനം വീതവും 9 മുതൽ ഉള്ളതിന് സപ്ലൈയറിന്റെ 20 ശതമാനം വീതവും അധികമായി മുതൽക്കൂട്ടേണ്ടതാണ്. |

| I | II | III | IV | V | VI | | VII | | | VIII | | | IX | X | XI |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 71 | ചാന്താട്ടം (പെട്ടിക്കളഭം) | കലശത്തിൽ പൂജിച്ച ചാന്ത് ദേവീ വിഗ്രഹത്തിൽ അഭിഷേകം ചെയ്യുന്നു; ഉദ്ദിഷ്ടകാര്യസിദ്ധി | ഉപാസനയ്ക്കു മുമ്പായി ഒരിക്കൽ (എല്ലാ ദേവീ നാളുകളിലും മറ്റു വിശേഷ ദിവസ ങ്ങളിലും മാത്രം നടത്തി.) | ശ്രീകോവിലിൽ മുൻപി ലുള്ള മണ്ഡപത്തിൽ [illegible], കണ്ണാടിപ്പൊടി, എന്നിവ ഉപയോഗിച്ച് [illegible] വെച്ച് [illegible] പൂജ [illegible] ചെയ്ത കലശ [illegible] (ഒരു കിലോ ചാന്ത് [illegible] കലശത്തിൽ) പൂജിച്ച് [illegible] കലശകുടങ്ങളിലും നിറച്ച്, വീണ്ടും കലശം പൂജ നടത്തി കലശദേവ [illegible] വാദ്യഘോഷ [illegible] മണ്ഡപത്തിൽ [illegible] ഇരുത്തി വഴി പാടുകാരുടെ പേരും നാളും ചൊല്ലി [illegible] കലശ കുടത്തിലെ ചാന്ത് വിഗ്രഹത്തിൽ അഭിഷേകം ചെയ്ത് [illegible] ദിവസം [illegible] പായസവും നടത്തുന്നു | ആദിവാസിഷ്ടം ചാന്ത്<br>കർപ്പൂ പായസം<br>വെള്ള നിവേദ്യം | ¼ ലിറ്റർ<br>¼ ലിറ്റർ | 250 | 1750 | 2000 | ഉണക്കലരി, ശർക്കര, നെയ്യ്, ഏലയ്ക്കായ്, മുന്തിരി, കൽക്കണ്ടം, പുഷ്പങ്ങൾ, നാളി കേരം, വിറക്/പാചക വാതകം ഇടങ്ങഴി നെല്ല്, ആലില, മാവി ല, ദർഭ, നെറ്റ, പാക്ക്, മഞ്ഞൾപ്പൊടി, അരി പ്പൊടി, എണ്ണ, തിരി, ചാന്ത് തുടച്ചു മാറ്റാൻ കോടി തോർത്ത്/പട്ട് വസ്ത്രം, വിറക്/ പാചകവാതകം | [illegible] | 325 | 2275 | 2600 | [illegible] |
| 72 | യാമപൂജ | നാല് യാമങ്ങളിൽ ദ്രവ്യങ്ങൾ അഭി ഷേകം നടത്തി പൂജ നടത്തുന്നു | ശിവരാത്രി ദിവസം നാല് യാമങ്ങളിൽ രാത്രി നടത്തുന്നു. | പാല്, കരിക്ക്, പനിനീര്, ഭസ്മം, വിഗ്രഹത്തിൽ അഭിഷേകം അഭി ഷേകശേഷം പൂജ നടത്തുന്നു. | ദ്രവ്യങ്ങളുടെ ആദി ശേഷിപ്പ്, ഇളപ്പ പ്രസാദം | | – | – | – | എണ്ണ, പാല്, പനിനീര്, കരിക്ക്, ഭസ്മം | | 40 | 60 | 100 | |

| I | II | III | IV | V | VI | | VII | | | VIII | | | IX | X | XI |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 73 | പ്രദോഷ പൂജ | മഹാദേവ പ്രീതിക്കുവേണ്ടി | പ്രദോഷ സന്ധ്യാ നേരത്ത്, ശാന്തി നടത്തുന്നു | മഹാദേവന് അഭിഷേകം, വെള്ളനിവേദ്യം | ഇല പ്രസാദം, വെള്ള കാൽ ലിറ്റർ | ¼ ലിറ്റർ | | | | വെള്ള കാൽ ലിറ്റർ, ഉണക്കലരി, വിറക്, പാൽ, പാചകവാതകം | | 40 | 60 | 100 | |
| 74 | ഐശ്വര്യ പൂജ | കുടുംബ ഐശ്വര്യ ത്തിനുവേണ്ടി നടത്തുന്ന പൂജ | സന്ധ്യാദീ പാരാധന സമയത്ത് ഭക്തർ | പൗർണ്ണമി നാളിലും പ്രത്യേക ദിവസ ങ്ങളിലും സ്ത്രീകൾ വിളക്ക് വച്ച് ലളിതാ സഹ സ്രനാമം ജപിച്ച് പൂവ് അർച്ചിക്കുന്നു. | ഇല, പൂവ്, പഴം | | 05 | 20 | 25 | വിളക്ക്, എണ്ണ, തിരി, പൂവ്,പഴം, തട്ടം ഇവ | | 05 | 25 | 30 | പ്രത്യേക നിർദ്ദേശ ങ്ങളിൽ ഉൾപ്പെടു ത്തിയിട്ടുണ്ട് |
| 75 | നീരാഞ്ജനം | ശാസ്താവിന് നട ത്തുന്ന വഴിപാട് ശനിശ്വരപ്രീതി ശനി ദോഷ നിവാ രണം മദ്യാസക്തി യിൽ നിന്നും മുക്തി | രാവിലെ അഭിഷേ കത്തിന് ശേഷം നടതുറന്നിരിക്കുന്ന സമയങ്ങളിൽ ശാന്തി. | നാളികേരം ഉടച്ച് നാളികേരമു റികളിൽ എണ്ണ ഒഴിച്ച് എള്ള് കിഴി യിട്ട് കത്തിക്കുന്നു | നിലവിൽ നൽകുന്ന ക്രമം പ്രസാദം | | 15 | 10 | 25 | നാളികേരം, എള്ള്, തിരിശ്ശീല, എണ്ണ, ഇല | | 20 | 15 | 30 | |
| 76 | നമസ്കാരം | ബ്രാഹ്മണ ഭോജനം പിതൃ പ്രീതിയ്ക്കായി | ഉച്ചപൂജയ്ക്കു മുൻപായി ശാന്തികാർ | പത്മം ഇട്ട് വിളക്ക് വച്ച് പിതൃപ്രീതി യ്ക്കായി വെള്ള നിവേദ്യം നടത്തി നമസ്കരിക്കുന്നു | വെള്ള | ¼ ലിറ്റർ | 10 | 10 | 20 | ഉണക്കലരി, അരിപ്പൊടി, മഞ്ഞൾപ്പൊടി, എണ്ണ, തിരി, ദർഭ, വിളക്ക്, വിറക്/ പാചക വാതകം | | 12 | 18 | 30 | |
| 77 | കൂട്ടനമ സ്കാരം | ബ്രാഹ്മണ ഭോജനം പിതൃ പ്രീതിയ്ക്കായി | ഉച്ചപൂജയ്ക്കു മുൻപായി ശാന്തികാർ | പിതൃക്കളുടെ പ്രീതിയ്ക്കായി പത്മം ഇട്ട് വെള്ള നിവേദ്യം നടത്തി നമസ്കരിക്കുന്നു | വെള്ള | ½ ലിറ്റർ | 20 | 20 | 40 | ഉണക്കലരി, അരിപ്പൊടി, മഞ്ഞൾപ്പൊടി, എണ്ണ, തിരി, ദർഭ, വിളക്ക്, വിറക്/ പാചക വാതകം | | 25 | 30 | 55 | |

| I | II | III | IV | V | VI | | VII | | | VIII | IX | | X | XI |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 78 | നിത്യപൂജ | നിത്യവുമുള്ള (ഒരു ദിവസത്തെ പൂജ) സർവ്വൈശ്വര്യത്തിനും അഭീഷ്ടസിദ്ധിക്കും | നടതുറന്നിരിക്കുന്ന സമയം ശാന്തി | അഭിഷേകം മുതൽ അത്താഴപൂജ വരെയുള്ള ഒരു ദിവസത്തെ പൂജകൾ പതിവായി ചെയ്ത് വരുന്നത് പ്രത്യേക വഴിപാടുകൾ സഹിതം വഴിപാട് കാരന്റെ പേരിൽ നടത്തുന്നു | GRADE-I TEMPLE | | | | | അരി, പാൽ, പഞ്ചസാര, ശർക്കര നെയ്യ്, ഏലയ്ക്കായ്, വിറക്, കൽക്കണ്ടം, മുന്തിരി, ചുക്കുപൊടി, നാളീകേരം, ജീരകപ്പൊടി പഴം, വെളിച്ചെണ്ണ, അവൽ, മലർ, ആപ്പിൾ, ഓറഞ്ച്, പൂവ്, ആവശ്യമായ പൂജാ സാധനങ്ങൾ, കടല, എണ്ണ, നല്ലെണ്ണ, അഭിഷേക സാധനങ്ങൾ, മുതലായവ | | | | ക്ഷേത്രങ്ങളുടെ ഗ്രേഡ് തിരിച്ചാണ് ഗ്രാന്റ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്താവനയിൽ പറയുന്ന ഗ്രേഡ് അനുസരിച്ച് വഴിപാടായി നിശ്ചയിച്ചിട്ടുള്ള മറ്റ് ഐറ്റങ്ങളും നൽകേണ്ടതാണ്. ക്ഷേത്രത്തിലേക്ക് ആവശ്യമുള്ള സാധനങ്ങളിൽ പൂജാ പൂജാസാധനങ്ങളും കൃത്യമായി സപ്ലൈ ക്രമപ്പെടുത്തേണ്ടതാണ്. ആകയാൽ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, സ്പെഷ്യൽ ഗ്രേഡ് ദേവസ്വങ്ങൾ നില നിൽക്കുന്ന സബ്ബ് ഗ്രൂപ്പുകളിലെ GRADE-I GRADE-II ദേവസ്വങ്ങളിൽ വഴിപാട് സാധനങ്ങളുടെ സപ്ലൈ തുക യഥാക്രമം 431, 332 രൂപ വീതം ആയിരിക്കുന്നതാണ്. ശേഷിക്കുന്നവ യഥാക്രമം 69, 68, കൂടി അധികമായി മുതൽ കൂട്ടേണ്ടതാണ്. |
| | | | | | വെള്ള | 1 ലിറ്റർ | 500 | 2500 | 3000 | | 650 | 3250 | 3900 | |
| | | | | | പാൽപ്പായസം | 1 ലിറ്റർ | | | | | | | | |
| | | | | | അരവണ | 1 ലിറ്റർ | | | | | | | | |
| | | | | | അപ്പം | 1 ലിറ്റർ | | | | | | | | |
| | | | | | തട്ടം നിവേദ്യം | 1 | | | | | | | | |
| | | | | | GRADE-II TEMPLE | | | | | | | | | |
| | | | | | വെള്ള | 3/4 ലിറ്റർ | 400 | 1600 | 2000 | | 520 | 2080 | 2600 | |
| | | | | | പാൽപ്പായസം | 3/4 ലിറ്റർ | | | | | | | | |
| | | | | | അരവണ | 3/4 ലിറ്റർ | | | | | | | | |
| | | | | | അപ്പം | 3/4 ലിറ്റർ | | | | | | | | |
| | | | | | തട്ടം നിവേദ്യം | 1 | | | | | | | | |
| | | | | | GRADE-III TEMPLE FULL TIME | | | | | | | | | |
| | | | | | വെള്ള | ¼ ലിറ്റർ | 300 | 700 | 1000 | | 390 | 910 | 1300 | |
| | | | | | പാൽപ്പായസം | ½ ലിറ്റർ | | | | | | | | |
| | | | | | അരവണ | ½ ലിറ്റർ | | | | | | | | |
| | | | | | അപ്പം | ½ ലിറ്റർ | | | | | | | | |
| | | | | | തട്ടം നിവേദ്യം | 1 | | | | | | | | |
| | | | | | GRADE-III TEMPLE PART TIME | | | | | | | | | |
| | | | | | വെള്ള | ¼ ലിറ്റർ | 200 | 300 | 500 | | 260 | 390 | 650 | |
| | | | | | അരവണ | ½ ലിറ്റർ | | | | | | | | |
| | | | | | തട്ടം നിവേദ്യം | 1 | | | | | | | | |

| I | II | III | IV | V | VI | | VII | | | VIII | | | IX | X | XI |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 79 | **ബലി കർമ്മം/ ക്ഷേത്ര പിണ്ഡം** | പിതൃപ്രീതിക്ക് ക്ഷേത്രപിണ്ഡ സമർപ്പണം<br><br>പിണ്ഡംവയ്ക്കുന്ന കർമ്മം. പിതൃ,പിതാമഹ, പ്രപിതാമഹ, മാതാമഹ, പ്രമാതാമഹ, വൃദ്ധപ്രമാതാമഹ എന്നീ പിതൃക്കൾക്ക് മോക്ഷം ലഭിക്കുന്നതിനുവേണ്ടി | രാവിലെ ആറ് മണി മുതൽ പത്തര വരെ, ക്ഷേത്രപുരോഹിതൻ | മന്ത്രങ്ങൾ ചൊല്ലിക്കൊടുത്ത് ബലിയിടുന്നവരെക്കൊണ്ട് ബലികർമ്മം ചെയ്യിക്കുന്നു.<br><br>പുത്രനാണ്; പുത്രനില്ലെങ്കിൽ ഭാര്യയോ, ഭാര്യയില്ലെങ്കിൽ സഹോദരന്മാർക്കോ, ബ്രാഹ്മണരാണെങ്കിൽ ശിഷ്യന്മാർക്കോ, സപിണ്ഡനോ ചെയ്യാം. മൂത്ത സഹോദരന്റെ പുത്രപൗത്രാദികൾക്കും ഇളയ സഹോദരന്റെ പുത്രാദികൾക്കും ബലികർമ്മം ചെയ്യാം. | ഭസ്മം പ്രസാദമായി നൽകണം | | 5 | 70 | 75 | ഇല, പൂവ്, ചന്ദനം, പഴം, എള്ള്, ഉണക്കലരി വേവിച്ചത് (കവ്യൻ) നെയ്യ്, ദർഭ കർമ്മി (മന്ത്രം ചൊല്ലിക്കൊടുക്കുന്ന പുരോഹിതൻ) | | 10 | 90 | 100 | |

# പ്രത്യേക നിർദേശങ്ങൾ

(വിവിധ വഴിപാടുകൾ സംബന്ധിച്ചുള്ള പ്രത്യേക നിർദേശങ്ങൾ പ്രപ്പോസൽ സ്റ്റേറ്റ്മെന്റിലെ ക്രമം നമ്പറിട്ട് ഉൾപ്പെടുത്തിയിരിക്കുന്നു.)

## (B) അഭിഷേകങ്ങൾ

### B (1) കളഭാഭിഷേകം:-

ദേവസ്വം കമ്മീഷണറുടെ 26-8-2013 ലെ ആർ.ഒ.സി. 21620/96/ പി.ആർ. നമ്പർ ഉത്തരവ് പ്രകാരം തന്ത്രിയ്ക്ക് നൽകേണ്ട ദക്ഷിണ വഴിപാട് റേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വഴിപാട് നടത്തിപ്പിനായി തന്ത്രി ഹാജരാകുന്നുവെങ്കിൽ നൽകേണ്ടുന്ന യാത്രാപ്പടി തിട്ടപ്പെടുത്തി അധികമായി രസീതിൽ പ്രത്യേകം രേഖപ്പെടുത്തി ഈടാക്കി ഡിപ്പാർട്ടുമെന്റിൽ ഒടുക്കു വരുത്തേണ്ടതും നടപടിക്രമം പൂർത്തിയാക്കി നിയമാനുസരണമുള്ള തുക ചെലവെഴുതി നൽകേണ്ടതുമാണ്.

ദേവസ്വത്തിലെ വഴിപാടുകൾ ഭംഗിയായി നടത്തി നൽകേണ്ടത് ജീവനക്കാരുടെ ഡ്യൂട്ടിയുടെ ഭാഗമാകയാൽ ക്ഷേത്രജീവനക്കാർക്ക് ദക്ഷിണ എന്ന നിലയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക മുതൽകൂട്ടേണ്ടതാണ്. തന്ത്രിയുടെ അഭാവത്തിൽ മേൽശാന്തി, കീഴ്ശാന്തി എന്നിവർ വഴിപാട് നടത്തി നൽകുന്ന പക്ഷം ഇവർക്ക് ദക്ഷിണയായി രേഖപ്പെടുത്തിയിട്ടുള്ള തുക നൽകേണ്ടതാണ്. കീഴ്ശാന്തി ഇല്ലാത്ത പക്ഷം ടി തുകയും മുതൽ കൂട്ടേണ്ടതാണ്. ( മുതൽ കൂട്ട് മാത്രം ദേവസ്വത്തിൽ ഒടുക്ക് വരുത്തി ഭക്തർ നേരിട്ട് വഴിപാട് നടത്തുന്ന പക്ഷം യാത്രാപ്പടി ഇനത്തിൽ തന്ത്രിയ്ക്ക് നൽകേണ്ടുന്ന തുക ഭക്തരിൽ നിന്നും തന്നെ ഈടാക്കി നൽകേണ്ടതാണ്)

### B (2) ക്ഷീരധാര:-

ആചാരം/കീഴ്വഴക്കമനുസരിച്ച് കൂടുതൽ പാൽ ധാരയ്ക്ക് ഉപയോഗിക്കുന്ന ദേവസ്വങ്ങളിൽ അതേ ക്രമം തുടരാവുന്നതാണ്. അതിലേയ്ക്ക് പാൽവില ലിറ്ററിന് 35/-രൂപാ ക്രമം അധികമായി രസീതിൽ രേഖപ്പെടുത്തി ഈടാക്കേണ്ടതാണ്. 7 ലിറ്റർ പാലിൽ കൂടുതൽ ആചാരം/കീഴ്വഴക്കമനുസരിച്ച് ഉപയോഗിക്കുന്ന ദേവസ്വങ്ങളിൽ അപ്രകാരം അധികം ഉപയോഗിക്കുന്ന പാലിന്റെ അളവും കാരണവും സംബന്ധിച്ച് അതാത് ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ച് ഇതിലേയ്ക്ക് അനുമതി വാങ്ങി(ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ നേരിട്ട് പരിശോധന നടത്തി ആവശ്യകത ബോദ്ധ്യപ്പെട്ടിരിക്കണം) സ്ഥിരം റിക്കാർഡായി സൂക്ഷിക്കേണ്ടതും പരിശോധന യ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

ധാരയ്ക്കായി എത്ര അളവ് പാൽ ഉപയോഗിക്കുന്നുവോ അതിനു മാറ്റി സപ്ലെയർ ചെലവെഴുതാൻ പാടുള്ളൂ. ഇതുസംബന്ധിച്ച് വ്യക്തമായ വിവരം രേഖപ്പെടുത്തി, ബന്ധപ്പെട്ടവർ ഷീട്ട് രജിസ്റ്റർ ദേവസ്വങ്ങളിൽ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

കൂടുതൽ ക്ഷീരധാര വഴിപാട് നടക്കുന്ന ക്ഷേത്രങ്ങളിൽ പാൽ വില ഒഴികെയുള്ള സപ്ലെയർ കോസ്റ്റ് ആയ 55 രൂപയിൽ ആദ്യത്തെ 5 എണ്ണത്തിന് 55 രൂപ ക്രമവും ആറ് മുതലുള്ളതിന് 29 രൂപാ ക്രമവും സപ്ലെയർ ചെലവെഴുതേണ്ടതും ബാക്കി 26 രൂപ ക്രമം മുതൽ കൂട്ടേണ്ടതുമാണ്.

## B (4) ജലധാര:-

ജലധാരയ്ക്ക് നാട്ടുനടപ്പനുസരിച്ച് മറ്റ് വഴിപാടുകൾ കൂടി നടത്തി നൽകുന്ന പക്ഷം പ്രസ്തുത വഴിപാടുകളുടെ വിവരം കൂടി പ്രത്യേകം രസീതിൽ രേഖപ്പെടുത്തി തുക ഈടാക്കേണ്ടതും ആയവയ്ക്കുള്ള മുതൽക്കൂട്ട് കൂടി മുതൽ വയ്ക്കേണ്ടതുമാണ്.

## B (8) പഞ്ചാമൃതാഭിഷേകം:-

കാൽ കൂട്ടിന്റെ തുകയാണ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത് . ഭക്തരുടെ താല്പര്യപ്രകാരം കൂടുതൽ അളവ് വഴിപാടിന് റേറ്റായ **Rs:130/-** ന്റെ ഗുണിതങ്ങളായി ഈടാക്കി നടത്താവുന്നതാണ്. വഴിപാട് കാരന്റെ ഫോൺ നമ്പർ ഉൾപ്പെടെ യുള്ള വ്യക്തമായ വിലാസം രസീതിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

## B (12) പുഷ്പാഭിഷേകം:-

പ്രതിഷ്ഠയുടെ വലിപ്പം, ഉപദേവാലയങ്ങളുടെ എണ്ണം നടത്തുന്ന ചടങ്ങുകൾ/ നിവേദ്യങ്ങൾ എന്നിവ വ്യത്യസ്തമാകയാലും, ഉപയോഗിക്കുന്ന പൂവിന് വൈവിദ്ധ്യമുള്ളതിനാലും പൂവിന്റെ വിലയിൽ വ്യത്യാസമുണ്ടാകുമെന്നതിനാലും ഓരോ ദേവസ്വത്തിലേയ്ക്കും പ്രത്യേകം പ്രൊപ്പോസ്സൽ അയച്ച് സപ്ലെയർ ചെലവെഴുതുന്നതിന് അനുമതി വാങ്ങേണ്ടതാണ്.

# (C) അർച്ചനകൾ

## C (1) അഷ്ടോത്തരാർച്ചന:-

50 പൈസയുടെ സപ്ലെയറിൽ 25 പൈസ ശാന്തിക്കൂറാണ്. ശാന്തിക്കൂറ് ഒരു മാസം പരമാവധി 200/- രൂപയായി നിജപ്പെടുത്തുന്നു. അധികരിച്ച് വരുന്നത് മുതൽക്കൂട്ടേണ്ടതാണ്. അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പാഫീസർ, ഹയർ

...ർ സബ്ഗ്രൂപ്പാഫീസർ എന്നിവരുടെ ഭരണത്തിലുള്ള സബ്ഗ്രൂപ്പുകളിലെ **Grade I[st]**, **Grade II[nd]** ദേവസ്വങ്ങളിൽ ശാന്തികൂറ് ചെലവെഴുതാൻ പാടില്ലാത്തതും ആയതു കൂടി മുതൽ കൂട്ടേണ്ടതുമാണ് .50 പൈസയിൽ ബാക്കി സപ്ലെയർ 25 പൈസ ക്രമമു ള്ളത് ഒരു മാസം പരമാവധി 1500 എണ്ണം അർച്ചനയ്ക്കായി നിജപ്പെടുത്തുന്നു. അധിക രിച്ചുള്ളത് മുതൽ കൂട്ടേണ്ടതാണ്.

## C (10) കുടുംബാർച്ചന:-

കുടുംബപ്പേരിലോ,കുടുംബനാഥൻ/നാഥയുടെ പേരി ലോ ആണ് ഈ വഴിപാട് നടത്തേ ണ്ടുന്നത്. ഇതിനു പുറമെ ഓരോരുത്തരുടെ പേരും നാളും ചൊല്ലി അർച്ചന നടത്തേണ്ടതുള്ള പക്ഷം ഓരോ പേരിനും 15/-രൂപാ വീതം അധികമായി രസീതിൽ ഉൾപ്പെടുത്തി ഈടാക്കി മുതൽക്കൂട്ടേണ്ടതാണ്. രസീതെഴുതുമ്പോൾ തന്നെ ഇക്കാര്യം വ്യക്തമായി ആരാഞ്ഞ് വിവരം രസീതിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

## C (12) സംവാദസൂക്താർച്ചന:-

ഒന്നിൽ കൂടുതൽ ആൾക്കാരുടെ പേരി ലാണ് വഴിപാട് നടത്തേണ്ടതെങ്കിൽ ഓരോ പേരിനും 40/- രൂപ ക്രമം രസീതിൽ രേഖപ്പെടുത്തി വഴിപാട് നടത്തേണ്ടതാണ്.

## C (17) രക്തപുഷ്പാഞ്ജലി:-

ഈ വഴിപാടിന് കടുംപായസം ¼ ലിറ്റർ നിവേദ്യമായി നൽകുന്ന ക്ഷേത്രങ്ങളിൽ മുതൽക്കൂട്ട് 25/-രൂപയും, സപ്ലയർ 35/-രൂപയുമുൾപ്പെടെ 60/-രൂപ കൂടി അധികമായി ഈടാക്കേണ്ടതാണ്.

# (E) കലശങ്ങൾ

## E (2 മുതൽ 5 വരെ) -നവകലശം, 25 കലശം, ശതകലശം, 400 കലശം (ചതുഃശതകലശം):-

ജീവനക്കാർ ശേഖരിക്കേണ്ട ഐറ്റങ്ങൾ അവർ ശേഖരിച്ച് ഹാജരാക്കേണ്ടതാണ്. നവകലശം ഒഴിച്ചുള്ള വഴിപാടുകൾക്ക് ചടങ്ങിനോടൊപ്പമുള്ള നിവേദ്യങ്ങൾക്ക് അംഗീകൃത റേറ്റ് രസീതിൽ പ്രത്യേകം രേഖപ്പെടുത്തി ഈടാക്കേണ്ടതാണ്. വാദ്യമേളത്തിന് നിശ്ചയി ച്ചിട്ടുള്ള തുക മുതൽ കൂട്ടേണ്ടതും അതാത് ദേവസ്വങ്ങളിലോ സബ്ഗ്രൂപ്പിലോ ഉള്ള പഞ്ചവാദ്യക്കാരുടെ സേവനം ഇതിലേയ്ക്ക് ഉപയോഗിക്കേണ്ടതുമാണ്.

## E (6) സഹസ്രകലശം:-

മഹത്തായ ഈ വഴിപാട് ചെലവേറിയതാകയാൽ അപൂർവ്വമായി മാത്രമേ നടക്കുന്നു ള്ളു. വഴിപാട് നടക്കുന്ന ദേവസ്വങ്ങളിൽ സപ്ലയർ ചെലവെഴുതുന്നതിലേയ്ക്ക് മുൻകൂട്ടി പ്രൊപ്പോസ്സൽ അയച്ച് അനുമതി വാങ്ങേണ്ടതാണ്.

# (F) മറ്റ് വഴിപാടുകൾ

## F (1) കെട്ടുനിറ:-

പമ്പാ ദേവസ്വത്തിലേയ്ക്ക് ഒഴിച്ചുള്ളതാണ് ഈ നിരക്ക്. ഇരുമുടിയിൽ നല്ല ക്വാളിറ്റിയിലുള്ള സാധനങ്ങൾ നിറയ്ക്കേണ്ടതാണ്. ഇരുമുടിയ്ക്കകത്ത് വിവിധ ഐറ്റങ്ങൾ പ്രത്യേകമായി വയ്ക്കുന്നതിന് തുണിയിലോ, പേപ്പറിലോ ഉള്ള കവറുകൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. പ്ലാസ്റ്റിക് കർശനമായും ഒഴിവാക്കേണ്ടതാണ്. ഒരു ദിവസം ഒരു എണ്ണത്തിന്റെ വച്ചൊരുക്കിന് മാത്രമേ സപ്ലയർ ചെലവെഴുതുവാൻ പാടുള്ളൂ. കൂടുതലായി വരുന്ന എണ്ണം വഴിപാടുകളുടെ തുക മുതൽക്കൂട്ടേണ്ടതാണ്. (രണ്ടു മുതലുള്ളതിന്റെ മുതൽക്കൂട്ട് 100 രൂപയായി തീരുന്നതാണ്).

## F (11) തകിട്/ഏലസ്സ് പൂജ:-

ഉടൻ പൂജിച്ച് നൽകുന്നതിനുള്ള നിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 7, 11, 21, 41 തുടങ്ങി അധിക ദിവസം ശ്രീകോവിലിൽ വച്ച് പൂജിക്കുന്നതിന് ഓരോ ദിവസത്തേയ്ക്കും 15 രൂപാ ക്രമം ആദ്യ രസീതിൽതന്നെ ഈടാക്കിയിരിക്കേണ്ടതാണ്. എന്നു മുതൽ എന്നുവരെ പൂജിക്കുന്നു എന്ന വിവരം മുൻകൂട്ടി ആരാഞ്ഞ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. (പ്രത്യേക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്)

## F (15) പറയിട്:-

**(ഡിപ്പാർട്ടുമെന്റിൽ നിന്നും ദ്രവ്യം നൽകുന്നത്)** പറ എവിടെ ഇട്ടാലും ഡിപ്പാർട്ടുമെന്റിൽ നിന്നും പറയ്ക്കുള്ള ദ്രവ്യം നൽകുന്നതിനാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ക്ഷേത്ര സങ്കേതമെന്നോ, പുറത്തെന്നോ ഉള്ള വ്യത്യാസമില്ലാതെ നെൽപ്പറ, അരിപ്പറ എന്നിവക്ക് മാത്രം പറ ഒന്നിന് 5 രൂപാ ക്രമം പറമറിപ്പ് /ചുമട്ടുകൂലി (പറ ചുമക്കുന്നതിന് പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത ക്ഷേത്രങ്ങളിൽ മാത്രം) പ്രത്യേകം ഇൻവോയിസ് പ്രകാരം ചെലവെഴുതാവുന്നതാണ്.

## F (16) പറയിട്:-(ഭക്തർ ദ്രവ്യം ഹാജരാക്കുന്നത്)

ഭക്തർ ഹാജരാക്കുന്ന ദ്രവ്യങ്ങൾ പറയായി സ്വീകരിക്കുന്നതിന് 3-ാം നമ്പർ നടവരവ് രസീത് നൽകുകയാണ് നിലവിലുള്ള രീതി. ഇതിലേയ്ക്ക് ഡിപ്പാർട്ടുമെന്റിലേയ്ക്ക് പ്രത്യേകം തുക ഒന്നും നിലവിൽ ഈടാക്കുന്നില്ല. ഇത് രസീത് നൽകാതെ പറ സ്വീകരിക്കുന്നതിന് ഇടയാക്കുന്നതിനു പുറമേ അക്കൗണ്ടിംഗിൽ അവ്യക്തത ഉണ്ടാക്കുന്നതായും കാണപ്പെടുന്നതിനാൽ ഏത് അളവിലെ പറ ആയാലും പറ ഒന്നിന് 10 രൂപാ ക്രമം നിരക്ക് ഈടാ

ണ്ടതാണ്. (രസീതിൽ പറ വരുന്ന ഐറ്റത്തിന്റെ അളവ്/തൂക്കം വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.) പറ ചുമക്കുന്നതിന് പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത ദേവസ്വങ്ങളിൽ പറ ഒന്നിന് 5 രൂപാ ക്രമം ചുമട്ടുകൂലി എഴുതാവുന്നതാണ്. അൻപറ ഒന്നിന് 3-ാം നമ്പർ രസീത് പ്രകാരം 20 രൂപ ഈടാക്കേണ്ടതാണ്.

## F (20) ചിറപ്പ്:-

ചിറപ്പിനോടനുബന്ധിച്ച് നടത്തുന്ന ഓരോ വഴിപാടുകൾക്കും പ്രത്യേക മുതൽക്കൂട്ട് കൂടി ഈടാക്കേണ്ടതാണ്. ഓരോ അമ്പലത്തിന്റെയും പ്രാധാന്യം, ഉപദേവാലയങ്ങളുടെ എണ്ണം, പ്രാദേശിക നടത്തിപ്പുരീതി, നടത്തുന്ന ചടങ്ങുകൾ/വഴിപാടുകൾ വ്യത്യസ്തമാകയാൽ ഓരോ ക്ഷേത്രത്തിലേയ്ക്കും പ്രത്യേകം പ്രൊപ്പോസ്സൽ അയച്ച് സപ്ലെയർ ചെലവെഴുതുന്നതിന് അനുമതി വാങ്ങേണ്ടതാണ്.

## F (22a,22b,23,24)

**കുത്തിയോട്ടം,കുത്തിയോട്ടം(ചെട്ടികുളങ്ങര), ഒറ്റത്തൂക്കം, ഗരുഡൻ തൂക്കം:-** പൊതുവായി ഈ വഴിപാട് എല്ലാ ദേവസ്വങ്ങളിലും നടക്കുന്നില്ല എന്നതിനാലും നടത്തുന്ന രീതിയിൽ പ്രാദേശിക വ്യത്യാസം ഉള്ളതിനാലും ഐതീഹ്യങ്ങൾ വ്യത്യസ്തമാകയാലും വഴിപാട് നടത്തുന്ന ദേവസ്വങ്ങളിൽ സപ്ലെയർ ചെലവെഴുതുന്നതിലേയ്ക്ക് പ്രൊപ്പോസ്സൽ അയച്ച് അനുമതി വാങ്ങേണ്ട താണ്.

## F (28) കളം എഴുത്തും പാട്ടും:-

കീഴ്പതിവുകളും അമ്പലങ്ങളിലെ ചടങ്ങുകളും വ്യത്യസ്തമാകയാൽ പ്രത്യേകം പ്രൊപ്പോസ്സൽ അയച്ച് സപ്ലെയർ ചെലവെഴുതുന്നതിന് അനുമതി വാങ്ങേണ്ടതാണ്.

## F (41) വിവാഹം:-

നിറപറ, വച്ചൊരുക്ക്, സ്റ്റാമ്പ്, ഫാറവില, സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് ഉൾപ്പെടെയുള്ളതാണ് ആകെ തുക. ഫർണീച്ചർ, പാത്രങ്ങൾ, കെട്ടിടം/ഊട്ടുപുര എന്നിവയ്ക്കുള്ള വാടക പ്രത്യേകം ഈടാക്കണം. ഓരോ ദേവസ്വത്തിലും അതിനോടനുബന്ധിച്ചുള്ള ഊട്ടുപുര, ഫർണിച്ചർ, പാത്രങ്ങൾ കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ് തുടങ്ങിയവയ്ക്ക് എല്ലാം കൂടി മൊത്തം നിരക്ക് നിശ്ചയിക്കേണ്ടതും അതനുസരിച്ച് രസീത് നൽകി തുക ഒന്നാകെ ഈടാക്കേണ്ടതുമാണ്. ടി പ്രകാരം നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത പക്ഷം ബോർഡിന്റെ എസ്റ്റേറ്റ് ഡിവിഷൻ മുഖേന ഉടൻ നിരക്ക് നിശ്ചയിച്ച് വാങ്ങിയിരിക്കേണ്ടതാണ്.

വിവിധ ഐറ്റങ്ങൾ സംഘടിപ്പിച്ച് നല്ല രീതിയിൽ വച്ചൊരുക്കുന്നതിനാണ് ... യർ അനുവദിച്ചിട്ടുള്ളത്. വിവാഹച്ചടങ്ങ് തൃപ്തികരമായി നടത്തിച്ച് നൽകേണ്ടത് ജീവ... ക്കാരുടെ ഡ്യൂട്ടിയുടെ ഭാഗമാണ്.

## F (47)തൊട്ടിലും കുഞ്ഞും:-

ദേവസ്വത്തിൽ നിന്നും സാധനം സപ്ലൈ ചെയ്യുന്ന പക്ഷം 260 രൂപയും മുതൽക്കൂട്ടേണ്ടതാണ്. വഴിപാട്കാരന്റെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വ്യക്തമായ വിലാസം രസീതിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

## F (49, 50) ചുറ്റുവിളക്ക്, ആലുവിളക്ക്:-

1) ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർമാർ ഓരോ ദേവസ്വത്തിലേയും വിളക്കുകളുടെ എണ്ണം പരിശോധിച്ച് ബോദ്ധ്യപ്പെട്ട് മഹസ്സർ തയ്യാറാക്കിയിട്ടില്ലാത്ത പക്ഷം മഹസ്സർ തയ്യാറാക്കി അതനുസരിച്ച് തുക ഈടാക്കേണ്ടതാണ്. ഫ്രാക്ഷൻ വരുന്ന പക്ഷം തൊട്ടു മുകളിലായി 50/- രൂപയുടെ ഗുണിതങ്ങളായി റൗണ്ട് ചെയ്ത് അധികം വരുന്ന തുക കൂടി മുതൽക്കൂട്ടേണ്ടതാണ്. മഹസ്സറിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി സ്ഥിരം റിക്കാർഡായി പ്രത്യേകം സൂക്ഷിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) എണ്ണ സ്റ്റോക്കുള്ള ദേവസ്വങ്ങളിൽ ടി വഴിപാടുകൾക്ക് ആയത് ഉപയോഗിക്കേണ്ടതും, എണ്ണവില മുതൽക്കൂട്ടേണ്ടതുമാണ്. ഇപ്രകാരം ഉപയോഗിക്കുമ്പോൾ മറ്റ് ചെലവുകൾക്കുള്ള സപ്ലൈയർ തുകയായ വിളക്കൊന്നിന് .40 പൈസാ ക്രമം മാത്രമേ സപ്ലൈയർ ചെലവെഴുതുവാൻ പാടുള്ളു.

3) അധികമായി എണ്ണ സ്റ്റോക്കുള്ള ദേവസ്വങ്ങളിൽ നിന്നും മറ്റ് ദേവസ്വങ്ങളിലേയ്ക്ക് വഴിപാടാവശ്യത്തിനുള്ള എണ്ണ രസീതിൻപടി നിയമാനുസരണം നൽകി അക്കൗണ്ട് ചെയ്യേണ്ടതാണ്.

4) എണ്ണ വിനിയോഗം സംബന്ധിച്ച് വിവരങ്ങൾ ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ ദേവസ്വങ്ങളിൽ പരിപാലിച്ചിരിക്കേണ്ടതാണ്. എണ്ണ കൊടുക്കുന്നതും വാങ്ങുന്നതും സംബന്ധിച്ച ഉത്തരവു നമ്പരും തീയതിയും രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

5) ചുറ്റുവിളക്കിനോടൊപ്പം മറ്റ് വഴിപാടുകൾ നടക്കുന്നുണ്ടെങ്കിൽ രസീതിൽ ഓരോ വഴിപാടിന്റേയും വിവരം തുക സഹിതം പ്രത്യേകം രേഖപ്പെടുത്തി രസീത് നൽകിയിരിക്കേണ്ടതാണ്.

6) ചിറപ്പ്, നിറമാല തുടങ്ങി മറ്റ് ഏതെങ്കിലും വഴിപാടുകൾക്കൊപ്പം ചുറ്റുവിളക്ക് നടത്തുന്നുണ്ടെങ്കിലും ടി ക്രമം രസീതിൽ രേഖപ്പെടുത്തി അക്കൗണ്ട് ചെയ്യേണ്ടതാണ്.

## F(51) തീയാട്ട്:-

വഴിപാട് നടത്തി നൽകേണ്ടത് ജീവനക്കാരുടെ ഡ്യൂട്ടിയുടെ ഭാഗമാണ്. വഴിപാടിനുള്ള മേളം അതാത് ദേവസ്വം/സബ്ഗ്രൂപ്പ് ജീവനക്കാരെ കൊണ്ട് നിർവ്വഹിപ്പിക്കേണ്ടതും, മേളം, കഴകം, തളി, വാച്ചർ എന്നിവർക്കായി ഉൾപ്പെടുത്തിയിട്ടുള്ള ദക്ഷിണതുകയും കൂടി മുതൽ കൂട്ടേണ്ടതുമാണ്.

## F (53-,54) പഞ്ചഗവ്യനെയ്യ്ജപം, നെയ്യ്ജപം:-

ഒന്നിൽ കൂടുതൽ ദിവസം ശ്രീകോവിലിൽ വച്ച് പൂജിക്കേണ്ടതുള്ള പക്ഷം 45, 35 രൂപയ്ക്ക് പുറമെ അധികമുള്ള ഓരോ ദിവസത്തേയ്ക്കും 10 രൂപാ ക്രമം രസീതിൽ പ്രത്യേകം രേഖപ്പെടുത്തി ഈടാക്കേണ്ടതാണ്. പൂജിക്കുന്ന തീയതി എന്നുമുതൽ എന്നു വരെ എന്നത് വഴിപാടുകാരനിൽ നിന്നും ആരാഞ്ഞ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. ആയതിന് പ്രത്യേക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## F (55,56) ഗുരുസി, കൈവട്ട ഗുരുസി:-

ഈ വഴിപാട് പൊതുവായി എല്ലാ ദേവസ്വങ്ങളിലും നടക്കുന്നതല്ല. വഴിപാടിനൊപ്പമുള്ള കടുംപായസത്തിന് പ്രത്യേകം നിരക്ക് ഈടാക്കേണ്ടതാണ്. വഴിപാട് നടത്തുന്ന രീതിയിൽ പ്രാദേശിക നിരക്കിൽ വ്യത്യാസമുള്ള പക്ഷം സപ്ലൈയർ ചെലവെഴുതുന്നതിലേയ്ക്ക് പ്രത്യേകം പ്രൊപ്പോസ്സൽ അയച്ച് അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

## F (59) നെയ്യ് വിളക്ക്:-

ചെറിയ നിലവിളക്ക് ഇല്ലാത്ത ദേവസ്വങ്ങളിൽ ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണറുടെ അനുമതിയോടെ ആവശ്യാനുസരണം മറ്റ് ദേവസ്വങ്ങളിൽ നിന്നും ഏതാണ്ട് ഒരേവലിപ്പത്തിലുള്ളവ ശേഖരിച്ച് അക്കൗണ്ട് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. വിളക്കുകൾ വൃത്തിയാക്കി തിരി ഇട്ട് 15 ml. ൽ കുറയാതെ ശുദ്ധമായ നെയ്യ് ഒഴിച്ച് കത്തിക്കാൻ പാകത്തിന് കൗണ്ടറിന് സമീപത്തായി ഭക്തർ കാണത്തക്ക രീതിയിൽ വയ്ക്കേണ്ടതാണ്. വിളക്ക് വൃത്തിയാക്കി കത്തിക്കാൻ പാകത്തിൽ തയ്യാറാക്കുന്നതിന് ഏതെങ്കിലും ജീവനക്കാരനെ പ്രത്യേകം നിയോഗിക്കേണ്ടതും അപ്രകാരം നിയോഗിക്കപ്പെടുന്ന ആളിന് വിളക്കൊന്നിന് 50 പൈസാ ക്രമം ശ്രമദക്ഷിണ നൽകേണ്ടതുമാണ്. ഒരു ദിവസം പരമാവധി 50 രൂപയായി ദക്ഷിണ നിജപ്പെടുത്തി ബാക്കി കൂടി മുതൽ കൂട്ടേണ്ടതാണ്.

## F (60) അന്നദാനം (ആളൊന്നിന്):-

പല റേറ്റുകളിൽ അന്നദാനം നടത്തിവരുന്നത് ഈ രീതിയിൽ ക്രമപ്പെടുത്തേണ്ടതാണ്. ഡ്യൂപ്ലിക്കേറ്റോടു കൂടിയ സ്പെഷ്യൽ ടിക്കറ്റ് മാത്രമേ ഇതിലേയ്ക്ക് ഉപയോഗിക്കാൻ പാടുള്ളൂ ഓരോ ദിവസവും രസീതിൻപടിയുള്ള എണ്ണമോ, യഥാർത്ഥത്തിൽ അന്നദാനം വിതരണം ചെയ്യുന്ന എണ്ണമോ, ഏതാണോ കുറവ് അതിനു മാത്രമേ സപ്ലെയർ ചെലവെഴുതുവാൻ പാടുള്ളു. നിലവിൽ എണ്ണം ലിമിറ്റ് ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ ആയത് തുടരേണ്ടതാണ്. എല്ലാ ദേവസ്വങ്ങളിലും അന്നദാനം ബുക്കിംഗ്, പാചകം, വിതരണം എന്നിവ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ (രസീത് നമ്പരും തീയതിയും, തുകയും വഴിപാടുകാരന്റെ വിവരവും ഉൾപ്പെടെ) രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിച്ചിരിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. അന്നദാനം വിതരണത്തിന് കൂപ്പൺ പ്രിന്റ് ചെയ്തു വാങ്ങി നിർബന്ധമായും ഉപയോഗിച്ചിരിക്കേണ്ടതും ആയതിന്റെ വിവരവും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കണം

| നം | ദേവസ്വം | സാധാരണ ദിവസം | വിശേഷ ദിവസങ്ങളിൽ |
|---|---|---|---|
| 1 | തിരുവല്ലം | 1000 എണ്ണം | 1200 എണ്ണം |
| 2 | വർക്കല | 300 എണ്ണം | 500 എണ്ണം |
| 3 | ഏറ്റുമാനൂർ | 200 എണ്ണം | 300 എണ്ണം |
| 4 | തൃക്കാക്കര | അന്നദാനം നടക്കുന്ന ദിവസങ്ങളായ തിരുവോണം ആയില്യം നാളുകളിൽ 750 എണ്ണം | |

പ്രധാന ദേവസ്വങ്ങളായ തിരുവല്ലം, വർക്കല, ഏറ്റുമാനൂർ, തൃക്കാക്കര ദേവസ്വങ്ങളിൽ ടി ദേവസ്വങ്ങളിൽ അന്നദാനം നടത്തുന്നതിന് 30/07/2024-ലെ **ROC 10416/12/SUIT/NS** നമ്പർ ബോർഡ് ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുള്ളതാണ്.

## F (72) ഐശ്വര്യ പൂജ:-

ആവശ്യത്തിന് വിളക്ക് ഇല്ലാത്ത ദേവസ്വങ്ങളിൽ ഗ്രൂപ്പിലെ മറ്റ് ദേവസ്വങ്ങളിൽ നിന്ന് ഏതാണ്ട് ഒരേ വലിപ്പത്തിലുള്ള നിലവിളക്ക് അസിസ്റ്റന്റ് കമ്മീഷണരുടെ ഉത്തരവ് പ്രകാരം ശേഖരിച്ച് റിക്കോർഡ് ചെയ്ത് സൂക്ഷിക്കേണ്ടതും, ഓരോ തവണയും വൃത്തിയാക്കി വഴിപാടുകാർക്ക് നൽകേണ്ടതുമാണ്. വിളക്ക് വൃത്തിയാക്കി കത്തിക്കാൻ പാകത്തിന് തയ്യാറാക്കി വയ്ക്കുന്നതിനുള്ള ശ്രമദക്ഷിണ ഉൾപ്പെടെയാണ് സപ്ലയർ തുക അനുവദിച്ചിട്ടുള്ളത്.

(76) **നിത്യപൂജ:-**

ക്ഷേത്രങ്ങളുടെ ഗ്രേഡ് തിരിച്ചാണ് റേറ്റ് നിശ്ചയിച്ചിട്ടുള്ളത്. ഉലപ്രസാദത്തിന് പുറമെ ഗ്രേഡ് അനുസരിച്ച് വഴിപാടായി നിശ്ചയിച്ചിട്ടുള്ള മറ്റ് ഐറ്റങ്ങളും നൽകേണ്ടതാണ്. അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പാഫീസറുടെ ഭരണത്തിലുള്ള **Grade I[st], Grade II[nd]** ദേവസ്വങ്ങളിൽ യഥാക്രമം 560, 430 രൂപാ മാത്രമേ സപ്ലെയർ ചെലവെഴുതാൻ പാടുള്ളൂ. 90 രൂപ, ~~90 രൂപ എന്നീ~~ ക്രമത്തിൽ തുക അധികമായി മുതൽ കൂട്ടേണ്ടതാണ്.

# പൊതു നിർദ്ദേശം

**(1)വഴിപാട് രസീത് നൽകൽ, വഴിപാട് നടത്തിപ്പ്, അക്കൗണ്ടിംഗ് തുടങ്ങിയ സംബന്ധിച്ച് നിർദേശങ്ങൾ ചുവടെ ചേർക്കുന്നു. രസീതുകൾ നിർദ്ദിഷ്ട രീതിയിൽ എഴുതണം.**

വഴിപാടുകളുടെ സപ്ളെയർ കോസ്റ്റിൽ നിന്നും മുതൽ കൂട്ടിലേയ്ക്ക് ശതമാന കണക്കിൽ ഒടുക്ക് വരുത്തുന്നതിന് (എസ്.സി.എസ്.ആർ.1.1/[illegible]/20[illegible]......) മുതൽ നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. പകർപ്പ് ചേർത്തിട്ടുണ്ട്. ഇത് ഇനിയും തുടരേണ്ടതാണ്. രസീതുകൾ പല ദേവസ്വങ്ങളിലും നിർദ്ദിഷ്ട രീതിയിലല്ല എഴുതുന്നത്. ആകയാൽ ചുവടെ വിവരിക്കും പ്രകാരം മാത്രമേ രസീത് എഴുതുകയും ഭക്തർക്ക് നൽകുകയും ചെയ്യുവാൻ പാടുള്ളൂ.

a) **D.F.F.NO.1 രസീത്:-** ഒറിജിനൽ രസീതിനടിയിൽ ഡബിൾ സൈഡ് കാർബൺ വച്ച് മാത്രമേ രസീത് എഴുതുവാൻ പാടുള്ളൂ. ഹാജരാക്കുന്ന തുകയുടെ വിവരം അക്കത്തിലും, അക്ഷരത്തിലും എഴുതിയിരിക്കേണ്ടതാണ് . തുക ഹാജരാക്കുന്ന ആളിന്റെ പേരും ഫോൺ നമ്പരും ഉൾപ്പെടുത്തി വ്യക്തമായ മേൽവിലാസവും എന്ത് ആവശ്യത്തിന് തുക ഹാജരാക്കുന്നു, രസീതെഴുതുന്ന തീയതി എന്നിവയും വ്യക്തമായി ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്, രസീതെഴുതി പൂർത്തിയാക്കിയ ശേഷം പണം ഹാജരാക്കുന്ന ആളിന്റെ ഒപ്പ് രസീതിൽ രേഖപ്പെടുത്തി വാങ്ങിയിരിക്കേണ്ടതാണ്.

*രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പിയാണ് പാർട്ടിക്ക് നൽകേണ്ടത്.*

b) **D.F.F.NO. 3 രസീത്:-** ഈ രസീത് എഴുതുമ്പോൾ സിംഗിൾ സൈഡ് കാർബൺ ഒറിജിനലിന് അടിയിൽ വച്ച് ഡ്യൂപ്ലിക്കേറ്റ് ഭാഗം അതിനടിയിലായി വരത്തക്ക വിധം മടക്കിവച്ച് ഒർജിനൽ രസീതിൽ വഴിപാടുകാരന്റെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വ്യക്തമായ മേൽവിലാസവും തീയതിയും രേഖപ്പെടുത്തിയിരിക്കേണ്ടതാണ് .അതിനു ശേഷം കാർബൺ ഒറിജിനൽ രസീതിന്റെ പുറത്ത് മറിച്ച് വച്ച് ഡ്യൂപ്ലിക്കേറ്റ് അതിനു മുകളിൽ വരത്തക്കവിധം തിരിച്ച് മടക്കിവച്ചശേഷം ഒറിജിനൽ രസീതിന്റെ മറുവശത്ത് വഴിപാ

ടുകാരൻ ഹാജരാക്കുന്ന സാധനത്തിന്റെ വിവരം, അളവ്, തൂക്കം തുടങ്ങി വ്യക്ത വിശദവുമായി വിവരം രേഖപ്പെടുത്തേണ്ടതാണ്.

*രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പിയാണ് പാർട്ടിക്ക് നൽകേണ്ടത്.*

c) **<u>D.F.F.NO. 3A രസീത്:-</u>** ഡ്യൂപ്ലിക്കേറ്റ് രസീതിനിരുവശവും പതിയത്തക്കവിധം സിംഗിൽ സൈഡ് കാർബൺ വച്ച് സാധനം ഹാജരാക്കുന്ന ആളിന്റെ പേരും ഫോൺ നമ്പർ ഉൾപ്പെടെയുള്ള വ്യക്തമായ വിലാസവും, ഉരുപ്പടിയുടെ ഇനം, തൂക്കം (അക്കത്തിലും അക്ഷരത്തിലും)എന്നിവ വിശദമായി രേഖപ്പെടുത്തിയിരിക്കണം. സ്വർണ്ണ ഉരുപ്പടികൾക്ക് തൂക്കം, മാറ്റ്, ഷാഷൻ, കല്ല്. ലോക്കറ്റ്, എന്നിവയുടെ വിവരം നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം.

സ്ഥലവും തീയതിയും വച്ച് രസീതെഴുത്ത് പൂർത്തിയാക്കിയശേഷം ഉരുപ്പടി ഹാജരാക്കിയ ആളിനെ ആയത് ബോദ്ധ്യപ്പെടുത്തി ഒപ്പിടുവിച്ച് വാങ്ങിയിരിക്കേണ്ടതാണ്.

*രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പിയാണ് പാർട്ടിക്ക് നൽകേണ്ടത്.*

d) **<u>D.F.F.NO. 3 സ്പെഷ്യൽ (തുലാഭാരം):-</u>** ഒറിജിനൽ രസീതിനടിയിൽ ഡബിൾ സൈഡ് കാർബൺ വച്ച് തുലാഭാരം തൂക്കുന്ന വഴിപാടുകാരന്റെ പേര്, നക്ഷത്രം,വയസ്സ്, ഫോൺ നംപർ ഉൾപ്പെടെ വ്യക്തമായ വിലാസം, മുതൽക്കൂട്ട്, തുലാഭാരം തൂക്കാൻ ഉപയോഗിക്കുന്ന ദ്രവ്യത്തിന്റെ വിശദവിവരം, (അതായത് പഴക്കുലയാണെങ്കിൽ ഏതിനം, പഴക്കുലയുടെ എണ്ണം, കായുടെ എണ്ണം, തുടങ്ങിയവയും, ശർക്കര, പഞ്ചസാര തുടങ്ങി മറ്റ് വകകളാണെങ്കിൽ എത്ര കിലോ/ലിറ്റർ എന്ന് വഴിപാട്കാരനോട് അന്വേഷിച്ച് ഉറപ്പുവരുത്തി ആയതും) ഉൾപ്പെടുത്തി രസീത് എഴുതി പൂർത്തിയാക്കിയ ശേഷം വഴിപാടുകാരനെ മേൽപറഞ്ഞ സംഗതികൾ ബോദ്ധ്യപ്പെടുത്തി രസീതിൽ ഒപ്പിടുവിച്ച് വാങ്ങിയിരിക്കേണ്ടതാണ്.

രസീതിന്റെ ഒർജിനൽ കോപ്പിയാണ് പാർട്ടിക്ക് നൽകേണ്ടത്.വഴിപാട് നടത്തുന്നതിന് മുൻപ് രസീതെഴുതിയിരിക്കേണ്ടതാണ്.

ദേവസ്വത്തിൽ നിന്നും തുലാഭാരത്തിനുള്ള ഐറ്റം നൽകുന്നുണ്ടെങ്കിൽ ആയതിന് ഡിപ്പാർട്ടുമെന്റ് നിശ്ചയിച്ചിട്ടുള്ള സാധനങ്ങളുടെ വില ഉപയോഗിക്കുന്ന ഐറ്റത്തിന്റെ എണ്ണം/അളവ് മുതൽ കൂട്ട് തുടങ്ങി വ്യക്തമായ വിവരങ്ങൾ രസീതിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

ടി രീതിയിൽ എഴുതാത്ത രസീതുകൾ സ്ത്രീകളുടേത് 70 കി.ഗ്രാം ആയും, പുരുഷൻമാരുടേത് 75 കി.ഗ്രാം ആയും പരിഗണിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

e) **<u>D.F.F.NO. 6 രസീത്:-</u>** രസീത് എഴുതുമ്പോൾ ഒറിജിനൽ രസീതിനടിയിൽ ഡബിൾ സൈഡ് കാർബൺവച്ച് ഡ്യൂപ്ലിക്കേറ്റ് അതിനടിയിൽ വരത്തക്കവണ്ണം പുറകിലേയ്ക്ക് മടക്കി പേര്, തീയതി, നക്ഷത്രം, വഴിപാട് വിവരം, അളവ്, റേറ്റ് എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

*രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പിയാണ്പാർട്ടിക്ക് നൽകേണ്ടത്.*

f) **D.F.F.NO. 6 സ്പെഷ്യൽ (വിവാഹം)**:- ഹൈന്ദവ ആചാര പ്രകാരമുള്ള വിവാഹങ്ങൾ മുൻകൂട്ടി തീരുമാനിച്ച് നടത്തുന്നവയാകയാൽ വധുവിന്റെ രക്ഷകർത്താക്കളിൽ നിന്നും 15 ദിവസം മുമ്പെങ്കിലും നിയമാനുസരണമുള്ള അപേക്ഷ പൂരിപ്പിച്ച് വാങ്ങി ആയതിലെ വിവരങ്ങൾ ശരിയാണോയെന്ന് അന്വേഷിച്ച് ബോദ്ധ്യപ്പെട്ടിരിക്കേണ്ടതും ശരിയാണെന്ന് കണ്ടാൽ മാത്രം വിവാഹം നടത്തുവാൻ അനുവദിക്കേണ്ടതുമാണ്.

ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് മാത്രമേ ഈ രസീത് എഴുതുവാൻ പാടുള്ളു. രസീതിലെ എല്ലാ ഭാഗത്തും വ്യക്തവും വിശദവുമായ വിവരം രേഖപ്പെടുത്തി വേണം രസീത് എഴുതേണ്ടത്.

*രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പിയാണ്പാർട്ടിക്ക് നൽകേണ്ടത്.*

**2)** രസീതുകളിൽ എല്ലാം തീയതി കർശനമായും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.സ്പെഷ്യൽ ടിക്കറ്റ് ഉൾപ്പെടെയുള്ള എല്ലാ രസീതുകളും ദേവസ്വങ്ങളുടെ ഗ്രേഡ് വ്യത്യാസം ഇല്ലാതെ അതാത് ദിവസം ബന്ധപ്പെട്ടവർ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്.

**3)** അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പാഫീസർ-ടെ ഭരണത്തിലുള്ള സബ്ഗ്രൂപ്പുകളിലെ ഗ്രേഡ് I, II ദേവസ്വങ്ങളിൽ അഷ്ടോത്തരാർച്ചന ഉൾപ്പെടെയുള്ള എല്ലാ അർച്ചനകൾക്കും 25 പൈസാ ക്രമവും, ഹയർ ഗ്രേഡ് സബ്ഗ്രൂപ്പാഫീസർ തസ്തികയിലുള്ള സബ്ഗ്രൂപ്പിലെ ഗ്രേഡ് I, II ദേവസ്വങ്ങളിൽ അഷ്ടോത്തരാർച്ചന ഒഴിച്ചുള്ള എല്ലാ അർച്ചനകൾക്കും 50 പൈസാ ക്രമവും മാത്രം സപ്ലെയർ ചെലവെഴുതേണ്ടതും ബാക്കി തുക കൂടി മുതൽ കൂട്ടേണ്ടതുമാണ്. (സന്താന ഗോപാലാർച്ചന, കുടുംബാർച്ചന, ഐക്യമത്യസൂക്താർച്ചന,രക്ത പുഷ്പാഞ്ജലി എന്നിവയ്ക്ക് ഈ നിയന്ത്രണം ബാധകമല്ല)അഷ്ടോത്തരാർച്ചന ഒരു മാസം 1500 എണ്ണം കഴിഞ്ഞാൽ സപ്ളെയർ ചെലവെഴുതാൻ പാടില്ലാത്തതും അധികരിച്ചുള്ള തുക കൂടി മുതൽ കൂട്ടേണ്ടതുമാണ്.

**4) <u>ദേവസ്വങ്ങളിൽ അഡ്വാൻസ് വഴിപാട് തുകകളുടെ വരവ് തുകകൾ മുഴുവൻ ഒടുക്കു വരുത്തി</u> <u>ഇൻവോയിസ് പ്രകാരം സപ്ളെയർ ക്ളെയിം ചെയ്യണം:</u>**

അഡ്വാൻസ് ബുക്കിംഗ് നടത്തി ചെയ്യുന്ന വഴിപാടുകൾക്കുള്ള, സപ്ളെയർ വഴിപാട് നടത്തി കഴിഞ്ഞ ശേഷം മാത്രമേ ക്ളെയിം ചെയ്യാൻ പാടുള്ളൂ.

ദേവസ്വം ഫണ്ട് ഒടുക്ക് തുക ഒടുക്ക് വരുത്തുന്നതിനുള്ള സമയ പരിധി ചു... വിവരിക്കും പ്രകാരം ആയിരിക്കുന്നതാണ്.

| സബ്ഗ്രൂപ്പ് ഭരണം നടത്തുന്ന ഉദ്ദ്യോഗസ്ഥൻ | തുക ഒടുക്കാൻ അനുവദിച്ചിട്ടുള്ള കാലയളവ് |
|---|---|
| Administrative Officer | ഓരോ ദിവസത്തേതും തൊട്ടടുത്ത ദിവസം ഒടുക്കേണ്ടതാണ്. |
| Speial Grade Sub Group Officer | പരമാവധി 2 ദിവസം |
| Higer Grade Sub Group Officer | പരമാവധി 3 ദിവസം |
| First Grade Sub Group Officer | പരമാവധി 4 ദിവസം |
| Second Grade Sub Group Officer | പരമാവധി 5 ദിവസം |

മേൽ സമയ പരിധിയ്ക്കകം ഒടുക്കു വരുത്താതിരുന്നാൽ പിഴപ്പലിശയായി 18 ശതമാനം ഈടാക്കുന്നതാണ്.

## (6) ആചാരപരമായുള്ള വഴിപാടുകൾ തുടരാം

വഴിപാടുകൾ സംബന്ധിച്ച് ഡിപ്പാർട്ടുമെന്റിൽ അനുവർത്തിക്കേണ്ട/നടത്തേണ്ട പൊതുവായ രീതിയാണ് (ഉപയോഗിക്കേണ്ടുന്ന ഐറ്റങ്ങൾ ഉൾപ്പെടെ) ഉൾപ്പെടുത്തിയിട്ടുള്ളത്. ഏതെങ്കിലും ദേവസ്വത്തിൽ ആചാരപരമായി വ്യത്യാസം ഉള്ള പക്ഷം ആയത് തുടരേണ്ടതാണ്. അപ്രകാരം തുടരുന്നതിലേയ്ക്ക് വിശദവിവരം അതാത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ വഴിപാട് നടത്തുന്ന രീതി നേരിട്ട് നിരീക്ഷിച്ച ശേഷം അനുമതി നൽകേണ്ടതുമാണ്. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ ഉത്തരവ് ഒരു സ്ഥിരം റിക്കാർഡായി ദേവസ്വത്തിൽ സൂക്ഷിച്ചിരിക്കേണ്ടതാണ്.

## (7) വിവിധ ഇനങ്ങളുള്ള ഒറ്റ വഴിപാടിന് രസീതിൽ തുക ഒന്നാകെ രേഖപ്പെടുത്തി നൽകുന്നതിന്മുൻകൂർ അനുമതി വാങ്ങണം

ഒരു വഴിപാടിന്റെ ഭാഗമായി മറ്റ് വഴിപാടുകൾ നടത്തുന്ന ദേവസ്വങ്ങളിൽ ഓരോ വഴിപാടിന്റെയും വിവരം രസീതിൽ പ്രത്യേകം രേഖപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ള പക്ഷം അപ്രകാരമുള്ള വഴിപാടുകളുടെ വിശദവിവരം അതാത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെ രേഖാമൂലം അറിയിച്ച് ഒറ്റ തുകയായി നിജപ്പെടുത്തി വാങ്ങേണ്ടതും ആയതനുസരിച്ച് രസീതെഴുതാവുന്നതുമാണ്. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ ഉത്തരവ് ഒരു സ്ഥിരം റിക്കാർഡായി ദേവസ്വത്തിൽ സൂക്ഷിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## (8) ആഴ്ചയിൽ /പ്രത്യേക ദിവസങ്ങളിൽ 25 ൽ അധികം നടക്കുന്ന വഴിപാടുകൾക്ക് സ്പെഷ്യൽ ടിക്കറ്റ് ഉപയോഗിക്കണം.

ദേവസ്വങ്ങളിൽ ഏതെങ്കിലും ഒരു പ്രത്യേക വഴിപാട് ഒരാഴ്ചയിൽ/പ്രത്യേക ദിവസങ്ങളിൽ ഇരുപത്തിയഞ്ചോ അതിൽ കൂടുതലോ നടക്കുന്നുണ്ടെങ്കിൽ ആയതിന് സ്പെഷ്യൽ ടിക്കറ്റ് പ്രിന്റ് ചെയ്യിച്ച് ആയത് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. ഇതിലേയ്ക്ക് 6-ാം നമ്പർ രസീത് മേലിൽ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

സ്പെഷ്യൽ ടിക്കറ്റ് പ്രിന്റ് ചെയ്യിക്കുമ്പോൾ ഗ്രൂപ്പും ദേവസ്വവും ഒഴിവാക്കി പൊതുവായി എല്ലാ ദേവസ്വത്തിലും ഉപയോഗിക്കാൻ കഴിയും വിധം ആയിരിക്കണം പ്രിന്റ് ചെയ്യിക്കേണ്ടത്. ഇതിനു വിരുദ്ധമായി പ്രിന്റ് ചെയ്ത് സ്റ്റേഷനറിയും മനുഷ്യപ്രയത്നവും വേസ്റ്റ് ആക്കുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ്. അന്നദാനം സ്പെഷ്യൽ ടിക്കറ്റ് ഡ്യൂപ്ലിക്കേറ്റ് ഉൾപ്പെടുത്തി പ്രിന്റ് ചെയ്തിരിക്കേണ്ടതാണ്. രസീതിൽ അന്നദാനം നടത്തേണ്ട തിയതി വഴിപാട്കാരന്റെ പേര്, നക്ഷത്രം, ഫോൺ നമ്പർ ഇവ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. ഇതിലേയ്ക്കുള്ള സ്പെഷ്യൽ ടിക്കറ്റ് 1, 2, 5,10, 50, 100 എന്നീ എണ്ണം വഴിപാടുകൾക്ക് പ്രത്യേകം, പ്രത്യേകം, ബുക്കുകളായി പ്രിന്റ് ചെയ്ത് വേണം ഉപയോഗിക്കേണ്ടത്. ഓരോ രസീതിലും ആയതിന്റെ എണ്ണവും വഴിപാടുകൾക്ക് നിജപ്പെടുത്തിയിട്ടുള്ളതുകയും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

## (9) അന്നദാനം, ചരടുജപം, എന്നിവയ്ക്ക് സ്പെഷ്യൽ ടിക്കറ്റ് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ :-

ചരടുജപം, അന്നദാനം എന്നിവയ്ക്ക് വഴിപാടുകളുടെ എണ്ണം എത്രയായാലും ഗ്രേഡ് വ്യത്യാസമില്ലാതെ എല്ലാ ദേവസ്വങ്ങളിലും സ്പെഷ്യൽ ടിക്കറ്റ് മാത്രമേ മേലിൽ ഉപയോഗിക്കുവാൻ പാടുള്ളൂ.

തന്ത്രിയെക്കൊണ്ട് നടത്തിക്കുന്ന വഴിപാടുകൾക്ക് ദക്ഷിണ,ററി.എ.എന്നിവ അധികമായി ഈടാക്കണം:-

ചില ഭക്തർ അവരവരുടെ ആഗ്രഹപ്രകാരം ദേവസ്വങ്ങളിലെ വഴിപാട് തന്ത്രിയെക്കൊണ്ട് ചെയ്യിക്കുന്ന പതിവുണ്ട്. അപ്രകാരം തന്ത്രിയെക്കൊണ്ട് നടത്തിക്കുന്ന വഴിപാടുകൾക്ക് തന്ത്രിക്ക് നൽകേണ്ട ദക്ഷിണ, ററി.എ. എന്നിവ കൂടി വഴിപാടുകാരിൽ നിന്നും അധികമായി ഈടാക്കേണ്ടതാണ്. ഇപ്രകാരം നടത്തുന്ന വഴിപാടുകൾക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന റേറ്റിനു പുറമെ ദേവസ്വം കമ്മീഷണറുടെ 26-8-2013- ലെ ആർ.ഒ. സി.21620/96/പി.ആർ. നമ്പർ ഉത്തരവും പ്രകാരം(കാലാകാലങ്ങളിലെ ഉത്തരവനുസരിച്ചുള്ള) തന്ത്രിദക്ഷിണ, ററി.എ. തുടങ്ങിയവയ്ക്കുള്ള തുക കൂടി തിട്ടപ്പെടുത്തി രസീതിൽ പ്രത്യേകം രേഖപ്പെടുത്തി വഴിപാടുകാരിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തേണ്ടതും, വഴിപാട് നടത്തിപ്പിനായി തന്ത്രി ഹാജരാകുന്നുവെങ്കിൽ മാത്രം നടപടിക്രമം പാലിച്ച് നിയമാനുസരണം ഓരോ ദിവസവും നൽകേണ്ടുന്ന തുക ചെലവെഴുതി നൽകേണ്ടതുമാണ്.